**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 324** — **27-01-2026 - ൽ മറുപടിയ്ക്ക്**

**പുനലൂർ മണ്ഡലത്തിൽ എക്സൈസ് വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | എക്സൈസ് വകുപ്പിനു കീഴിൽ പുനലൂർ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ അനുവദിച്ചതും എന്നാൽ 2021 മാർച്ചിന് മുൻപ് പൂർത്തിയാക്കാൻ കഴിയാത്തതുമായ വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത കാലയളവിൽ അനുവദിച്ച പ്രവൃത്തികളിൽ/പദ്ധതികളിൽ നിലവിൽ നടപ്പിലുള്ളവയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഇത്തരത്തിലുള്ള പദ്ധതികളൊന്നും ഇല്ല. |
| (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പിന് കീഴിൽ പുനലൂർ മണ്ഡലത്തിൽ അനുവദിച്ച വിവിധ പ്രവൃത്തികളുടെ വിശദാംശം, ഓരോ പ്രവൃത്തിയുടെയും പേരും അനുവദിച്ച തുകയും പദ്ധതി നിർവഹണ ഏജൻസിയുടെ വിവരങ്ങളും സഹിതം ലഭ്യമാക്കാമോ; | (ബി) | പുനലൂർ എക്സൈസ് കോംപ്ലക്സിന് വേണ്ടിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ബഹു. ധനകാര്യ വകുപ്പ് മന്ത്രി 29/05/2025 ന് നിർവഹിക്കുകയും 2023-2024 പ്ലാൻ ഫണ്ടിൽ 320 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് ഫൗണ്ടേഷന്റെ പണികൾ പൂർത്തിയാക്കുകയും പില്ലർ വർക്കുകളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ നിർമ്മാണ ഏജൻസി പൊതുമരാമത്ത് വകുപ്പാണ്.<br><br>ആദിവാസി മേഖലയുടെ ഉന്നമനം ലക്ഷ്യമിട്ട് യുവതീ-യുവാക്കൾക്ക് പി.എസ്.സി. പരീക്ഷാ പരിശീലനവും കരിയർ ഗൈഡൻസും നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിന് പുനലൂർ മണ്ഡലത്തിൽ 2023-2024 സാമ്പത്തിക വർഷത്തിൽ 1,50,000/-രൂപ എക്സൈസ് വിമുക്തി പ്ലാൻ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ളതും, ആയത് ഉപയോഗിച്ച് ടി പദ്ധതി വിജയകരമായി പൂർത്തീകരിച്ചിട്ടുള്ളതുമാണ്. |
| (സി) | പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയാക്കിയിട്ടുള്ളവയുടെ വിശദാംശവും നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും ആയവ എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്നുമുള്ള വിവരവും ലഭ്യമാക്കുമോ; | (സി) | പുനലൂർ എക്സൈസ് കോംപ്ലക്സിന്റെ ഫൗണ്ടേഷൻ പണികൾ പൂർത്തിയാവുകയും പില്ലർ വർക്കുകളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2027-ൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് കരുതുന്നു. |

| | | | |
|---|---|---|---|
| (ഡി) | എക്സൈസ് വകുപ്പിന് കീഴിൽ പുനലൂർ മണ്ഡലത്തിൽ പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ / പദ്ധതികൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കാമോ? | (ഡി) | ആര്യങ്കാവ് എക്സൈസ് ചെക്ക്പോസ്റ്റ് നിർമ്മിക്കുന്നതിന് ആര്യങ്കാവ് വില്ലേജിൽ ആര്യങ്കാവ് ബ്ലോക്കിൽ, സർവ്വേ നമ്പർ 354/07-ൽ ഉൾപ്പെട്ട 40 സെന്റ് സർക്കാർ വക റവന്യൂ പുറംപോക്ക് സ്ഥലം കൈമാറുന്നതിനുള്ള നടപടികൾ തിരുവനന്തപുരം ലാൻഡ് റവന്യൂ കമ്മീഷണറുടെ ഓഫീസിൽ തുടർന്ന് വരികയാണ്. |

സെക്ഷൻ ഓഫീസർ